## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.455 24-01-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.വി.ടി. ബൽറാം

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സർക്കാർ വായ്പ**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എത്ര തുക വായ്പയെടുത്തുവെന്ന് വ്യക്തമാക്കാമോ ; | 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപ്പത്രങ്ങൾ മുഖേന നാളിതുവരെ 30,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുക യുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ; | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക എതൊക്കെ |

<table>
<tr><td></td><td></td><td>ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യു അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യാനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ ;</td><td rowspan="2">ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്.</td></tr>
<tr><td>(ഡി)</td><td>എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ